# പതിമൂന്നാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2066 07.07.2015-ൽ മറുപടിക്ക്

## ആലപ്പുഴ ജില്ലയിലെ കർഷക സേവന കേന്ദ്രങ്ങളുടെ പ്രവർത്തനം

**ചോദ്യം** **മറുപടി**

ശ്രീ.ജി.സുധാകരൻ :

ശ്രീ. സി.എൻ. ബാലകൃഷ്ണൻ
(സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി)

(എ) ആലപ്പുഴ ജില്ലയിൽ സഹകരണ വകുപ്പിന്റെ കീഴിൽ എത്ര കർഷക സേവന കേന്ദ്രങ്ങളാണ് ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം രൂപീകരിച്ചിട്ടുള്ളത്; എവിടെയെല്ലാമാണ് ഇവ സ്ഥാപിച്ചിട്ടുള്ളത്;

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ആലപ്പുഴ ജില്ലയിൽ 5 കർഷക സേവന കേന്ദ്രങ്ങൾ രൂപീകരിച്ചിട്ടുണ്ട്.

ടി കർഷക സേവന കേന്ദ്രങ്ങളുടെ പേരും, ആയത് സ്ഥിതി ചെയ്യുന്ന സ്ഥലവും താഴെ ചേർക്കുന്നു.

| | പേര് | താലൂക്ക് |
|---|---|---|
| 1. | പത്തിയൂർ ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്ക് ലി.നം.1282 | കാർത്തികപ്പള്ളി |
| 2. | പൊങ്ങ സർവ്വീസ് സഹകരണ ബാങ്ക് ലി.നം.എ.122 | കുട്ടനാട് |
| 3. | ചെന്നിത്തല-തൃപ്പെരുന്തുറ സർവ്വീസ് സഹകരണ ബാങ്ക് ലി.നം.3553 | മാവേലിക്കര |
| 4. | കായിപ്പുറം സർവ്വീസ് സഹകരണ ബാങ്ക് ലി.നം.1300 | ചേർത്തല |
| 5. | പാണാവള്ളി സർവ്വീസ് സഹകരണ ബാങ്ക് ലി.നം.901 | ചേർത്തല |

| | |
|---|---|
| (ബി) പ്രസ്തുത കർഷക സേവന കേന്ദ്രങ്ങൾ, ആലപ്പുഴ ജില്ലയിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് ഇതുവരെ നടത്തിയതെന്ന് വ്യക്ത മാക്കാമോ; | (ബി) **<u>പൊങ്ങ സർവ്വീസ് സഹകരണ ബാങ്ക് ലി.നം. എ.122</u>** |

കുട്ടനാട് താലൂക്കിലെ പൊങ്ങ സർവ്വീസ് സഹകരണ ബാങ്ക് ലി.നം.എ.122-ന്റെ കീഴിൽ ആരംഭിച്ചിട്ടുള്ള കർഷക സേവന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ താഴെപ്പറയുന്ന പ്രവർത്തനങ്ങൾ കാർഷിക മേഖലയിൽ ചെയ്തിട്ടുണ്ട്.

1) കർഷകർക്ക് അവരുടെ പാടശേഖരം കൃഷിയോഗ്യമാക്കുന്നതിന് അനുവദിച്ച ധനസഹായം ഉപയോഗിച്ച് വാങ്ങിയ ട്രാക്ടറിന്റെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ പാം ക്ലൈബർ, സ്പ്രേയർ, റോക്കർ എന്നീ കാർഷികാനുബന്ധ ഉപകരണങ്ങൾ വാടകയ്ക്ക് കർഷകർക്ക് നൽകി വരുന്നു.
2) വിത്ത്, വളം, കീടനാശിനി എന്നിവ കർഷകർക്ക് കർഷക സേവന കേന്ദ്രം വഴി നൽകി വരുന്നു.
3) ജലസേചനാവശ്യത്തിന് പമ്പ് സെറ്റുകൾ വാങ്ങുന്നതിന് 23 കർഷകർക്ക് വായ്പ നൽകിയിട്ടുണ്ട്.

**<u>കായിപ്പുറം സർവ്വീസ് സഹകരണ ബാങ്ക് ലി. നം.1300</u>**

ചേർത്തല താലൂക്കിലെ കായിപ്പുറം സർവ്വീസ് സഹകരണ ബാങ്ക് ലി.നം.1300-ന്റെ കീഴിൽ രൂപീകരിച്ചിട്ടുള്ള കർഷകസേവനകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ താഴെപ്പറയുന്ന സേവനങ്ങൾ കർഷകർക്ക് നൽകി വരുന്നു.

1) കർഷകസേവനകേന്ദ്രത്തിന്റെ കീഴിൽ രൂപീകരിച്ച കർഷകസേനയ്ക്ക് അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിയിൽ നിന്നും കാർഷിക വൃത്തിയിൽ 20 ദിവസത്തെ പരിശീലനം നൽകിയിട്ടുണ്ട്.

2) കർഷകസേവനകേന്ദ്രത്തിന്റെ കീഴിൽ ജൈവ പച്ചക്കറി കൃഷി നടത്തി കാർഷികോൽപ ന്നങ്ങൾ വിപണനം ചെയ്തു വരുന്നു.

3) പോളി ഹൗസ് നിർമ്മിച്ച് പച്ചക്കറിത്തൈകൾ ഉത്പാദിപ്പിച്ച് വിതരണം ചെയ്യുന്നു. കൂടാതെ ജൈവവള കീടനാശിനികൾ, വിത്ത് എന്നിവ വിതരണം ചെയ്ത് വരുന്നു.

**പാണാവള്ളി സർവ്വീസ് സഹകരണ ബാങ്ക് ലി.നം.901**

ചേർത്തല താലൂക്കിലെ പാണാവള്ളി സർവ്വീസ് സഹകരണ ബാങ്ക് ലി.നം.901-ന്റെ കീഴിൽ രൂപീകരിച്ചിട്ടുള്ള കർഷകസേവനകേന്ദ്രങ്ങൾ വഴി കർഷകർക്ക് കൃഷി ചെയ്യുന്നതിന് ആവശ്യമായ ഫലവൃക്ഷത്തൈകൾ, വിത്ത് എന്നിവ വിതരണം ചെയ്യുന്നതിന് നഴ്സറി നടത്തിവരുന്നു.

**ചെന്നിത്തല-തൃപ്പെരുന്തുറ സർവ്വീസ് സഹകരണ ബാങ്ക് ലി.നം.3553, പത്തിയൂർ ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്ക് ലി.നം.1282**

മാവേലിക്കര താലൂക്കിലെ ചെന്നിത്തല-തൃപ്പെരുന്തുറ സർവ്വീസ് സഹകരണ ബാങ്ക് ലി.നം.3553-ാം കാർത്തികപ്പള്ളി താലൂക്കിലെ പത്തിയൂർ ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്ക് ലി.നം.1282-ാം

അനുവദിച്ച കാർഷിക സേവന കേന്ദ്രങ്ങൾ വഴി ട്രാക്ടർ അടക്കമുള്ള കാർഷികോപകരണങ്ങൾ വാങ്ങി കർഷകർക്ക് വാടകയ്ക്ക് നൽകുന്ന നടപടി സ്വീകരിച്ച് വരുന്നു.

**സെക്ഷൻ ഓഫീസർ**